ഗ്രാമ വികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) 1985-86-ൽ ഗ്രാമ വികസന പദ്ധതി പ്രകാരം സംസ്ഥാനത്ത് മൊത്തം 58.16 കോടി രൂപ ചെലവാക്കി.

(ബി) ഇതിൽ കേന്ദ്ര വിഹിതം 44.65 കോടി രൂപയാണ്.

(സി) 1986-87-ൽ എൻ. ആർ. ഇ. പി. പ്രകാരം 1732 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി. പ്രകാരം 1664 ലക്ഷം രൂപയും ഐ. ആർ. ഡി. പി. പ്രകാരം 1689.86 ലക്ഷം രൂപയുമാണ് ചെലവാക്കാൻ ഉദ്ദേശിക്കുന്നത്.

ദേശസാൽകൃത മേഖലയിൽ സ്വകാര്യ സ്റേറജ് കാരേയ്ജുകൾക്ക് പെർമിറ്റ്

* 98 [100] ശ്രീ. കെ. കൃഷ്ണൻകുട്ടി:

,, വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ദേശസാൽകൃത മേഖലയിൽ സ്വകാര്യ സ്റേറജ് കാരേയ്ജുകൾക്ക് പെർമിറ്റ് നൽകാൻ ഗവൺമെൻറ് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് വയനാട് ജില്ലയിൽ എത്ര പെർമിറ്റുകൾ നൽകിയെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ദേശസാൽകൃത മേഖലയിൽപ്പെട്ട വയനാട്ടിലും ആലപ്പുഴ—എറണാകുളം റൂട്ടിലും ചില നിബന്ധനകൾക്ക് വിധേയമായി കുറെ ഭാഗങ്ങൾക്ക് ''ഓവർലാപ്പ്'' വരുത്തിക്കൊണ്ട് സ്വകാര്യ സ്റേറജ് കാരേയ്ജുകൾക്ക് പെർമിറ്റ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്കീം സർക്കാർ നേരത്തെ പ്രസിദ്ധീകരിച്ചിരുന്നു.

(ബി) പരിഷ്കരിച്ച പദ്ധതിയനുസരിച്ച് കാരാപ്പുഴ—പനമരം റൂട്ടിൽ കാര്യംപാടി, കാക്കവയൽ എന്നീ സ്ഥലങ്ങളിൽ കൂടി ഓവർലാപ്പിംഗ് വരത്തക്കവിധം ഒരു സ്വകാര്യ സ്റേറജ് കാരേയ്ജിന് ടെംപററി പെർമിറ്റ് നൽകിയിട്ടുണ്ട്.

തൊഴിൽ വകുപ്പിലെ സമരം

* 99 [101] ശ്രീ. ലോനപ്പൻ നമ്പാടൻ:

,, വി. ജെ. തങ്കപ്പൻ:

,, എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിലെ ജീവനക്കാരുടെ സമരത്തിനു ആധാരമായ കാര്യങ്ങൾ എന്തൊക്കെയാണെന്നു വെളിപ്പെടുത്താമോ;

(ബി) ഈ സമരം എന്നുമുതൽക്കാണ് ആരംഭിച്ചത്;

(സി) ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly